"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്-പഞ്ചായത്ത് സെക്രട്ടറി -HG( retd. )-ശ്രീ. സി. ശ്രീകുമാരൻ നായർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA. no. 2216/2021 - മേലുള്ള 16.11.2023 ലെ ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1463/2025/LSGD തീയതി,തിരുവനന്തപുരം, 14-06-2025

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017-ലെ ഇ8/12264/2017(2) നമ്പർ ഉത്തരവ്.
2. ശ്രീ. സി. ശ്രീകുമാരൻ നായരുടെ 02.03.2019-ലെ അപ്പീൽ അപേക്ഷ.
3. 15.11.2019-ലെ ഇപിബി1/42/2019 നമ്പർ സർക്കാർ കത്ത്.
4. ശ്രീ. സി. ശ്രീകുമാരൻ നായരുടെ 09.12.2019-ലെ പുനഃപരിശോധന ഹർജി.
5. OA. 2216/2021 മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 16.11.2023 ലെ ഉത്തരവ്
6. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 21.02.2025 ലെ LSGD/PD/8873/2023-DEA2 നമ്പർ കത്ത്

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ നിന്നും ഹയർ ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറിയായി 31.05.2015-ൽ റിട്ടയർ ചെയ്ത ശ്രീ. സി. ശ്രീകുമാരൻ നായർ, ടിയാൾക്ക് ജൂനിയറായ ശ്രീ. അബ്ദുൾ സലാമിനേക്കാൾ അടിസ്ഥാന ശമ്പളത്തിൽ കുറവുള്ളതിനാൽ ജൂനിയർ സീനിയർ അനോമലി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ നിരസിച്ചതിനെ തുടർന്ന് സൂചന (2) പ്രകാരം സർക്കാരിൽ അപ്പീൽ സമർപ്പിച്ചിരുന്നു. ശ്രീ. സി. ശ്രീകുമാരൻ നായരും ജൂനിയറായ ശ്രീ. അബ്ദുൽ സലാമും വ്യത്യസ്ത തീയതികളിൽ ജോലിയിൽ പ്രവേശിച്ചതിനാലും, ഇരുവരും പ്രൊമോഷൻ നേടിയത് വ്യത്യസ്ത തീയതികളിലും വ്യത്യസ്ത രീതിയിലുമായതിനാലുമാണെന്ന് നിരീക്ഷിച്ച് പ്രസ്തുത പരാമർശം (3) പ്രകാരം അപ്പീൽ നിരസിച്ചിരുന്നു. ആയതിനെതിരെ ശ്രീ. സി. ശ്രീകുമാരൻ നായർ, പരാമർശം (4) പ്രകാരം പുനഃപരിശോധന ഹർജി സമർപ്പിക്കുകയും ഇതേ വിഷയമുന്നയിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 2216/2021 നമ്പരായി കേസ് ഫയൽ ചെയ്യുകയും ചെയ്തിരുന്നു. നടപടിപത്രിക സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കേസിൽ പരാമർശം (5) പ്രകാരം ബഹു. ട്രിബ്യൂണൽ ചുവടെ പറയും പ്രകാരം ഉത്തരവാകുകയുണ്ടായി :

*"......... After re-assigning seniority the respondents ought to have considered his claim for notional promotion especially in view of Annexure A8 issued in favour of Abdul Salam.*

*Therefore, Annexures A10, A12 and A14 are quashed for enabling the Government to consider the prayer for re-fixing his pay at par with the pay fixed as per Annexure A8 on a notional basis and to grant him consequential benefits. If the Government finds that the applicant is eligible for such refixation at par with the pay of his junior Abdul Salam the Government shall also take steps for refixing his pensionary benefits. The above exercise will be completed by the Government within a period of three months from the date of receipt of copy of order".*

2. പരാമർശ വിഷയവുമായി ബന്ധപ്പെട്ട് ശ്രീ. ശ്രീകുമാരൻ നായരുടെയും ടിയാളുടെ ജൂനിയറായ ശ്രീ. അബ്ദുൽ സലാമിന്റെയും സേവന പുസ്തകങ്ങൾ പരിശോധിച്ച് ടിയാളുകളുടെ ശമ്പളം നിർണ്ണയിച്ചത് സംബന്ധിച്ച് പരാമർശം (6) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിൽ, ശ്രീ. ശ്രീകുമാരൻ നായർ സി. പഞ്ചായത്ത് കോമൺ സർവ്വീസിൽ 01.07.1980-ൽ ബിൽ കളക്ടർ തസ്തികയിലും ശ്രീ. അബ്ദുൽ സലാം എസ്. പഞ്ചായത്ത് വകുപ്പിൽ 05.12.1983-ൽ ക്ലർക്ക് തസ്തികയിലുമാണ് ജോലിയിൽ പ്രവേശിച്ചിരുന്നതെന്നും ടിയാളുകൾക്ക് അതാത് സർവ്വീസിൽ പ്രൊമോഷൻ ലഭിച്ചിരുന്നത് വ്യത്യസ്ത തീയതികളിലായിരുന്നുവെന്നും ഹെഡ് ക്ലർക്ക് മുതൽ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി (ഹയർ ഗ്രേഡ്) വരെയുള്ള തസ്തികകളിലെല്ലാം ശ്രീ. അബ്ദുൽ സലാമിന് ശ്രീ. ശ്രീകുമാരൻ നായരെക്കാൾ മുന്നേ പ്രൊമോഷൻ ലഭിച്ചിരുന്നതായും അപ്രകാരം ശമ്പളം നിർണ്ണയിച്ചപ്പോൾ ശ്രീ. അബ്ദുൽ സലാമിന് ശ്രീ. ശ്രീകുമാരൻ നായരെക്കാൾ അടിസ്ഥാന ശമ്പളത്തിൽ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും പ്രസ്തുത വ്യത്യാസം രണ്ടാളും 31.05.2015-ൽ സേവനത്തിൽ നിന്നും വിരമിക്കുമ്പോഴും [ശ്രീ. അബ്ദുൽ സലാം എസ്. ന് 65,400/- രൂപയും ശ്രീ. സി. ശ്രീകുമാരൻ നായർക്ക് 60,900/- രൂപയുമായിരുന്നു അടിസ്ഥാന ശമ്പളം] നിലനിന്നിരുന്നതായും, ആയതിനാൽ ടിയാളുകൾക്ക് ശമ്പളം നിർണ്ണയിച്ചതിൽ അപാകതയില്ലെന്നും എന്നാൽ പഞ്ചായത്ത് കോമൺ സർവ്വീസ് ജീവനക്കാരുടെയും പഞ്ചായത്ത് ജീവനക്കാരുടെയും സംയോജനം നടപ്പാക്കിയതിന്റെ ഭാഗമായി, ടി ജീവനക്കാർ സർവ്വീസിൽ നിന്നും വിരമിച്ചശേഷം, ഹെഡ് ക്ലർക്ക്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികകളിലെ സീനിയോറിറ്റി പരാമർശം (1) ഉത്തരവ് പ്രകാരം പുനഃക്രമീകരിച്ചതു പ്രകാരം, ശ്രീ. സി. ശ്രീകുമാരൻ നായർ പ്രസ്തുത തസ്തികകളിലെല്ലാം തന്നെ ശ്രീ. അബ്ദുൽ സലാം എസ്. നെക്കാൾ സീനിയറായി മാറിയിട്ടുള്ളതായും മേൽ ഉത്തരവ് പ്രകാരം പുനഃക്രമീകരിച്ച സീനിയോറിറ്റി/ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ട ജീവനക്കാർക്ക് അനുവദിക്കുന്ന ഉദ്യോഗക്കയറ്റങ്ങൾ സാങ്കൽപ്പികമായിരിക്കുമെന്നും ശമ്പള/ബത്ത കുടിശ്ശിക ആനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കില്ല എന്ന് മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. ബഹു. ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് മുൻനിർത്തി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ശ്രീ. സി. ശ്രീകുമാരൻ നായരും ടിയാനെക്കാൾ ജൂനിയറായ ശ്രീ. അബ്ദുൽ സലാമും ജോലിയിൽ പ്രവേശിച്ചതും പ്രൊമോഷനുകൾ നേടിയതും വ്യത്യസ്ത തീയതികളിലും വ്യത്യസ്ത രീതികളിലുമാണ് എന്നതിനാൽ പഞ്ചായത്ത് വകുപ്പിൽ നിന്നും 31.05.2015-ൽ സെക്രട്ടറി ഹയർ ഗ്രേഡ് തസ്തികയിൽ വിരമിച്ച ശ്രീ. ശ്രീകുമാരൻ നായർക്ക് അതേ തസ്തികയിൽ 31.05.2015-ൽ വിരമിച്ച ശ്രീ. അബ്ദുൽ സലാമിന് ലഭിച്ച അടിസ്ഥാന ശമ്പളത്തെക്കാൾ കുറവാണ് ലഭിച്ചിരുന്നത് എന്നത് സീനിയർ ജൂനിയർ അനോമലിയുടെ പരിധിയിൽ വരുന്നതല്ല എന്നു കാണുന്നു. എന്നാൽ, പരാമർശം (1) ഉത്തരവ് പ്രകാരം പഞ്ചായത്ത് കോമൺ സർവ്വീസ് ജീവനക്കാരുടെയും പഞ്ചായത്ത്

ജീവനക്കാരുടെയും സംയോജനം നടപ്പാക്കിയതിലൂടെ ഹെഡ് ക്ലർക്ക്, സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികകളിലെ സീനിയോറിറ്റി പുനഃക്രമീകരിച്ച് അന്തിമമാക്കി പ്രസിദ്ധീകരിച്ച ലിസ്റ്റിൽ, ടി തസ്തികകളിലെല്ലാം തന്നെ ശ്രീ.സി.ശ്രീകുമാരൻ നായർ ശ്രീ. എസ്. അബ്ദുൾസലാമിനെക്കാളും സീനിയറായിരിക്കുന്നതിനാൽ ശ്രീ. സി. ശ്രീകുമാരൻ നായരുടെ അടിസ്ഥാന ശമ്പളത്തിൽ വന്ന കുറവ് പരിഹരിക്കേണ്ടതാണെന്ന് നിരീക്ഷിക്കുന്നു. പ്രസ്തുത സീനിയോരിറ്റി ലിസ്റ്റ് പ്രകാരം ഹെഡ് ക്ലർക്ക് തസ്തികയിൽ ശ്രീ. സി. ശ്രീകുമാരൻ നായരുടെ സീനിയോരിറ്റി 1265-ഉം (പരിഷ്കരിച്ച പ്രൊമോഷൻ തീയതി 01.07.1998) ശ്രീ. എസ്. അബ്ദുൽ സലാമിന്റേത് 1394-ഉം (പരിഷ്കരിച്ച പ്രൊമോഷൻ തീയതി 01.06.1999) ആണ്. സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി തസ്തികയിലെ ശ്രീ. ശ്രീകുമാരൻ നായരുടെ സീനിയോരിറ്റി 1627 (sl. no. 1459-പരിഷ്കരിച്ച പ്രൊമോഷൻ തീയതി 04.11.2009) ഉം ; ശ്രീ. അബ്ദുൽ സലാം എസ്. ടി സീനിയോരിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തുമാണ്. സെക്രട്ടറി തസ്തികയിലെ തുടർന്നുള്ള സീനിയോരിറ്റി ലിസ്റ്റിൽ ശ്രീ. അബ്ദുൾ സലാമിന്റെ സീനിയോരിറ്റി ക്രമ നമ്പർ 20 - 1721 -പ്രൊമോഷൻ തീയതി 13-4-2010 ഉം ആണ് .

4. മേൽ സാഹചര്യത്തിൽ, 31.05.2015-ൽ പഞ്ചായത്ത് വകുപ്പിൽ നിന്നും സ്പെഷ്യൽ ഗ്രേഡ് തസ്തികയിൽ വിരമിച്ച ശ്രീ. സി. ശ്രീകുമാരൻ നായരുടെ അടിസ്ഥാന ശമ്പളം പരാമർശം (1) ഉത്തരവ് പ്രകാരം പുനഃക്രമീകരിച്ച സീനിയോരിറ്റി ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ പരിഷ്കരിച്ച പ്രൊമോഷൻ തീയതികളിൽ, കേരള സർവീസ് ചട്ടങ്ങൾ ഭാഗം I ചട്ടം (സി) പ്രകാരം ശമ്പളത്തിന്റെയും അലവൻസുകളുടേയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന വ്യവസ്ഥയിൽ, ടിയാന് നോഷണലായി പ്രൊമോഷൻ നൽകുന്നതിനും നോഷണൽ പ്രമോഷന്റെ പ്രാബല്യത്തീയതി അടിസ്ഥാനപ്പെടുത്തി ടിയാളുടെ ശമ്പളവും ആനുകൂല്യങ്ങളും നോഷണലായി പുനർ നിർണ്ണയിക്കുന്നതിനും (ശ്രീ. ശ്രീകുമാരൻ നായരുടെ ജൂനിയറായ ശ്രീ. എസ്. അബ്ദുൽ സലാം വിരമിച്ച സമയത്തെ ടിയാന്റെ അടിസ്ഥാന ശമ്പളത്തിൽ കുറയാത്ത വിധം) ആയതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിച്ച് നൽകുന്നതിനും ഉത്തരവാകുന്നു. ഇതു സംബന്ധിച്ച തുടർ നടപടികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

5. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (5) ഉത്തരവ് ഇപ്രകാരം നടപ്പാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സ്പെഷ്യൽ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം *(ആമുഖ കത്ത് സഹിതം)*
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം /തൃശ്ശൂർ
4. ശ്രീ. സി. ശ്രീകുമാരൻ നായർ, സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, പഞ്ചായത്ത് വകുപ്പ് (നിള, ഇളമ്പള്ളൂർ, കുണ്ടറ പി ഒ, കൊല്ലം-691501)
5. ധനകാര്യ വകുപ്പ് (09.6.2025-ലെ e-1649933/ഡെവ-1/275/2000-ധന നമ്പർ കുറിപ്പ് )

6. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (11.06.2025-ലെ u o no.Adv-B2/125/2025-P&ARD )
7. നിയമ വകുപ്പ് (12.06.2025-ലെ OPN-D3/130/2025-Law നമ്പർ കുറിപ്പ് )
8. വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇപിബി1/190/2021-തസ്വഭവ നം ഫയൽ)

ഉത്തരവിൻ പ്രകാരം

**Signed by Riju M Das**
**Date: 15-06-2025 15:12:11**

സെക്ഷൻ ഓഫീസർ